പുതിയ മേജർ സെക്ഷനുകളും, സെക്ഷൻ ആഫീസുകളും.

151 (934) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് പുതിയ മേജർ സെക്ഷനുകളും, സെക്ഷൻ ആഫീസുകളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ കല്ലൂർക്കാട് കേന്ദ്രമാക്കി ഒരു മേജർ സെക്ഷൻ ആഫീസും, മഞ്ഞള്ളൂർ പഞ്ചായത്തിലെ വാഴക്കുളത്ത് ഒരു സെക്ഷൻ ആഫീസും തുടങ്ങുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ)&(ബി) സർക്കാർ പ്രഖ്യാപിച്ച ഊർജ്ജനയം നടപ്പിലാക്കുന്ന മുറയ്ക്ക് പുതിയ സെക്ഷൻ ആഫീസുകൾ തുടങ്ങുന്നകാര്യം പരിശോധിക്കുന്നതാണ്.

സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കണമെന്ന ആവശ്യം

152 (935) ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണാടിപറമ്പ് മന്ന ലക്ഷംവീടുകളിലും പരിസരത്തും താമസിക്കുന്ന നാൽപ്പത്തിരണ്ട് കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രദേശത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കണ്ണാടിപ്പറമ്പ് മന്ന ലക്ഷംവീട് കോളനിയും, പരിസരവും വൈദ്യുതീകരിച്ചതാണ്. പക്ഷെ വോൾട്ടേജ്ക്ഷാമം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ ഈ പ്രദേശത്തേയ്ക്ക് വൈദ്യുതി നൽകുന്ന ലൈൻ ഫീഡ് ചെയ്യുന്നത് വളരെ ദൂരെയുള്ള ട്രാൻസ്ഫോർമറിൽനിന്നാണ്. മറ്റൊരു ഭാഗത്തുനിന്നും ഈ പ്രദേശത്തേയ്ക്ക് മെച്ചപ്പെട്ട രീതിയിൽ വൈദ്യുതി ഫീഡ് ചെയ്യുന്നതിന് 150 മീറ്റർ നീളത്തിൽ എൽ.ടി. സിംഗിൾ ഫേസ് ലൈൻ വലിക്കുന്നതിന് സിസ്റ്റം ഇപ്രൂവ്മെന്റ് സ്കീമിൽ 15,700 രൂപ തുക വരുന്ന ഒരു എസ്റ്റിമേറ്റ് 16.5.98-ൽ പാസ്സാക്കിയിട്ടുണ്ട്.

(സി) പണി ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly